**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **02.03.2020 ൽ**
**നിയമസഭാ ചോദ്യം നമ്പർ : 97** **മറുപടിക്ക്**

## റൈഫിളുകൾ, വെടിയുണ്ടകൾ എന്നിവ കാണാതായ സംഭവം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ. ബഷീർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്ത് രാജ്യസുരക്ഷയെ ബാധിക്കുന്ന തരത്തിൽ പോലീസ് സ്പെഷ്യൽ ആംഡ് ബറ്റാലിയനിൽ 5.56 എം. എം ഇൻസാസ് റൈഫിളുകൾ, വിവിധ അളവുകളിലുള്ള വെടിയുണ്ടകൾ ഇവ കാണാതായതായി സി ആന്റ് എ.ജി ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശം ഉണ്ടായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | എ) പരാമർശം ഉണ്ടായിട്ടുണ്ട്. 25 എണ്ണം 5.56 എംഎം ഇൻസാസ് റൈഫിളുകളും 12,061 എണ്ണം കാട്രിഡ്ജുകളും കുറവുള്ളതായി പരാമർശിച്ചിട്ടുണ്ട്. |
| ബി) കാണാതായ കാട്രിഡ്ജ്കൾക്ക് പകരമായി കൃത്രിമ കാട്രിഡ്ജ്കൾ വെച്ച് സി ആന്റ് എ.ജി ഓഡിറ്റിനെ തെറ്റിദ്ധരിപ്പിക്കുന്നതിന് ശ്രമമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഇക്കാര്യത്തിൽ ക്രൈംബ്രാഞ്ച് അന്വേഷണം നടന്നുവരുകയാണ്. |
| സി) ഇത്തരത്തിൽ ഉള്ള സാധനങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | സി) ഇത്തരം സാധനങ്ങളുടെ സെക്യൂരിറ്റി ഉറപ്പാക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ നിലവിലുള്ള പോലീസ് സർക്കുലർ, സ്റ്റാൻഡിംഗ് ഓർഡർ, എക്സിക്യൂട്ടീവ് എന്നിവകളിൽ പ്രതിപാദിക്കുന്നുണ്ട്. |
| ഡി) പ്രസ്തുത സംഭവം എന്ന് നടന്നതെന്നാണെന്നും ഇക്കാലയളവിൽ ഇവയുടെ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും അവർ ഇപ്പോൾ എവിടെയാണ് സേവനമനുഷ്ഠിക്കുന്നത് എന്നുമുള്ള | ഡി) 01.01.1996 മുതൽ ഒക്ടോബർ 2018 വരെയുള്ള കാലയളവിലാണ് പ്രസ്തുത സംഭവം നടന്നിട്ടുള്ളതെന്ന് പോലീസ് നടത്തിയ അന്വേഷണ റിപ്പോർട്ടിൽ പറയുന്നു. പ്രസ്തുത കാലയളവിൽ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥരുടെ |

വിശദാംശം ലഭ്യമാക്കുമോ:

വിവരം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1 | Gopakumar | Hav 6606 | APSI, Bureau of Immigration, |
| 2 | Asok kumar | Hav 7295 | SI, DCB Kollam Rural |
| 3 | Sanal Kumar | Hav 6474 | APSI, SBCID, |
| 4 | Satheesh Kumar | Hav 6657 | APSI, Airport Immigration, Tvpm |
| 5 | Aneesh | Hav 8120 | KAP-IV |
| 6 | Liyishan | Hav 6724 | APSI, KAP-I |
| 7 | Belraj | Hav 6968 | Women Battalion, Menamkula m |
| 8 | Vinod | Hav 10296 | SAP, Tvpm |
| 9 | Reji Balachandran | APSI | APSI, KAP -III |
| 10 | Sudheesh Kumar | APSI | SAP, Tvpm. |
| 11 | Suresh Kumar | Hav 5754 | APSI, SPMR Pattom. |

ടി സംഭവവുമായി ബന്ധപ്പെട്ട് കൂടുതൽ ഉദ്യോഗസ്ഥരുടെ പങ്കിനെപ്പറ്റിയും ക്രൈം ബ്രാഞ്ച് അന്വേഷണം നടന്നുവരികയാണ്.

ഇ) പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കുറ്റക്കാരായവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ?

ഇ) പ്രസ്തുത സംഭവത്തിൽ ക്രൈം ബ്രാഞ്ച് Cr.No.399/CB/TVPM/R/2019 പ്രകാരം 11 പേരെ പ്രതി ചേർത്ത് കേസ് രജിസ്റ്റർ ചെയ്ത് തിരുവനന്തപുരം ക്രൈം ബ്രാഞ്ച് യൂണിറ്റിൽ അന്വേഷണം നടത്തി വരുന്നു. നിലവിൽ, ഒൻപതാം പ്രതിയെ 26.02.2020 തീയതിയിൽ അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ